75

# "അവൻ വാങ്ങിപോകയും" (1)

**വായനാ ഭാഗം #*31***

VII. യേശുവിന്റെ ശുശ്രൂഷയുടെ അവസാന ആഴ്ച്ച (തുടർച്ച).

E. ചൊവ്വ: "ചോദ്യങ്ങളുടെ മഹാദിവസം" (തുടർച്ച).

5. ഒരു വിധവയുടെ നൽകൽ (മർക്കൊ. 12:41–44; ലൂക്കൊ. 21:1–4).
6. പുരുഷാരത്തോടുള്ള ഒരു പ്രസംഗം.
   a. ജാതികൾ യേശുവിനെ അന്വേഷിച്ചു (യോഹ. 12:20–22).
   b. വരുവാനിരുന്ന യേശുവിന്റെ മരണം – യെഹൂദന്മാർക്കും ജാതികൾക്കും വേണ്ടി (യോഹ. 12:23–36).
   c. യെഹൂദന്മാർ യേശുവിനെ തള്ളിക്കളഞ്ഞു (യോഹ. 12:37–50).
7. യെരുശലേം നാശത്തെ കുറിച്ചും അവന്റെ രണ്ടാം വരവിനെ കുറിച്ചും അപ്പൊസ്തലന്മാരോട് പ്രസംഗിക്കുന്നു.
   a. കല്പനകളും ചോദ്യങ്ങളും (മത്താ. 24:1–3; മർക്കൊ. 13:1–4; ലൂക്കൊ. 21:5–7).
   b. യെരുശലേം നാശത്തെ കുറിച്ചുള്ള ഉപദേശം.
      (1) യെരുശലേം നാശവുമായി ബന്ധമില്ലാത്ത സംഭവങ്ങൾ (മത്താ. 24:4–14; മർക്കൊ. 13:5–15; ലൂക്കൊ. 21:8–19).

**മുഖവുര**

ചൊവ്വാഴ്ച്ച അവസാനിക്കാറായി. യേശുവും തന്റെ ശത്രുക്കളുമായുള്ള കലഹം തീർന്നു. ക്രിസ്തു ദൈവാലയം വിട്ടു – എന്നേക്കുമായി പോകാറായി. ഈ പാഠത്തിൽ നാം "വിധവയുടെ ഒരു ചില്ലിക്കാശും" യേശുവിനെ യവനന്മാർ അന്വേഷിച്ചതും, ദൈവാലയനാശത്തെ കുറിച്ചുള്ള കർത്താവിന്റെ ഞെട്ടിക്കുന്ന പ്രഖ്യാപനത്തെ കുറിച്ചും പഠിക്കും.[1]

**ദൈവാലയത്തിലെ പരിശോധന**
**(മർക്കൊ. 12:41-44; ലൂക്കൊ. 21:1-4)**

വാക്പയറ്റിനു ശേഷം, യേശു സ്ത്രീകളുടെ പ്രാകാരത്തിലേക്ക് വാങ്ങിപോയി.[2] അവിടെ ആളുകൾ ഭണ്ഡാരത്തിൽ നേർച്ചപ്പണം ഇടുന്നതു നോക്കിയിരുന്നു. ഒരു വിധവ രണ്ടു വെള്ളിക്കാശ് ശ്രീഭണ്ഡാരത്തിലിട്ടത് അവന്റെ ഹൃദയത്തെ സ്പർശിച്ചു, "അവളുടെ ഉപജീവനം അത്രയും ഇട്ടു." അവൻ അതിൽ സംപ്രീതനാകുകയും തന്റെ ശിഷ്യന്മാരോട് പറയുകയും ചെയ്തു (മർക്കൊസ് 12:42–44; ലൂക്കൊസ് 21:2–4).

എന്തിനു വേണ്ടിയാണ് ഈ ഹൃദയസ്പർശിയായ സംഭവം രേഖപ്പെടുത്തിയത്? യേശുവിനെ നശിപ്പിക്കുവാൻ ആഗ്രഹിച്ചവരിൽനിന്നുള്ള അന്തരം

കാണിക്കുവാനായിരിക്കാം. ദൈവത്തോടുള്ള സ്നേഹംകൊണ്ടാണ് അവൾ ദൈവാലയത്തിൽ വന്നത്. പരീശന്മാരും സദൂക്യരും ഒരുപക്ഷെ യേശുവി നോടുള്ള വിദ്വേഷം നിമിത്തവുമായിരിക്കാം. ബി. എസ്. ഡീൻ പറഞ്ഞത്, “[മത്തായി 23 ലെ] വലിയ തള്ളിപ്പറയൽ അവസാനിപ്പിച്ചശേഷമാണ്, ഈ മനോഹരസംഭവം നടന്നത് എന്നാണ്.”[3]

## ദൈവാലയത്തിലെ ത്യജിക്കൽ
## (യോഹ. 12:20-50)

### ജാതികൾ അവനെ അന്വേഷിച്ചു (വാ. 20-36)

കുറച്ചു ദിവസങ്ങൾക്ക് മുൻപ്, പരീശന്മാരെ കുറിച്ച് യേശു പറഞ്ഞു, “... ലോകം അവന്റെ പിന്നാലെ ആയിപ്പോയി” (യോഹന്നാൻ 12:19). ക്രിസ്തു വിന്റെ സർവ്വദേശിയമായ അപേക്ഷ അടുത്ത സംഭവത്തിൽ ചിത്രീകരി ക്കുന്നുണ്ട്: കർത്താവ് ദൈവാലയത്തിലായിരുന്നപ്പോൾ, ചില യവനന്മാർ അവനെ അന്വേഷിച്ചുകൊണ്ടു വന്നു.[4] ആ യവനന്മാർ യേശുവിന്റെ സൗഹൃദം പ്രതീക്ഷിച്ചുവെങ്കിൽ, അവന്റെ ശത്രുക്കൾ അവന്റെ ജീവൻ ആണ് പ്രതീക്ഷിച്ചത്.

യേശു യവനന്മാരെ മുഖാമുഖമായി കണ്ടതായ രേഖ ഒന്നും നമുക്ക് ഇല്ല; എന്നാൽ, എല്ലാവരോടുമുള്ള അവന്റെ സ്നേഹം നിമിത്തം അവൻ അങ്ങനെ ചെയ്തിരിക്കാമെന്ന് നമുക്ക് വിശ്വസിക്കാം. എങ്ങനെയായാലും, ദൈവശ്വാസിയ എഴുത്തുകാരുടെ ഉദ്ദേശം നമ്മെ തൃപ്തിപ്പെടുത്തുകയല്ല എന്ന് ഒരിക്കൽ കൂടെ പറയട്ടെ. ആവശ്യത്തെ തുടർന്നുണ്ടായ പ്രസംഗമാണ് യോഹന്നാൻ രേഖപ്പെടുത്തിയത്. ആ പ്രസംഗത്തിലെ മുഖ്യവേദഭാഗം വാക്യം 32ലെ പ്രസ്താവനയിലുണ്ട്: “ഞാൻ ഭൂമിയിൽ നിന്നു [ക്രൂശിന്മേൽ] യർത്തപ്പെട്ടാൽ, എല്ലാവരേയും എങ്കലേക്ക് ആകർഷിക്കും.” “എല്ലാവരും” എന്നത് അർത്ഥമാക്കുന്നത് യെഹൂദന്മാരും ജാതികളുമാണ്.

ആ പ്രസംഗത്തിന്റെ അവസാനം യോഹന്നാൻ പറയുന്നത് “യേശു വാങ്ങിപോയി” എന്നാണ് (വാ. 36). കെജെവിയിലും 1977 ലെ എൻഎഎസ്ബി എഡീഷനിലും പറയുന്നത് “പുറപ്പെട്ടുപോയി” എന്നാണ്. കർത്താവിന്റെ പരസ്യ ഉപദേശം അവസാനഘട്ടത്തിലെത്തി.

### യെഹൂദന്മാരാൽ ത്യജിക്കപ്പെട്ടു (വാ. 37-50)

യെഹൂദ ദേശത്തുള്ള കർത്താവിന്റെ ശുശ്രൂഷയുടെ അവസാനത്തോടെ ക്രിസ്തു വാങ്ങിപോകുന്നതായാണ് യോഹന്നാൻ സൂചിപ്പിച്ചത്: യേശു വിവിധ വീര്യപ്രവൃത്തികൾ (അത്ഭുതങ്ങൾ) ചെയ്യുന്നതു കണ്ടിട്ടും അവർ വിശ്വസിച്ചില്ല (വാ. 37). അവർ യേശുവിനെ തള്ളിക്കളഞ്ഞത് യെശയ്യാവ് 6:10 ലേയും 53:1 ലേയും പ്രവചനങ്ങൾ നിറവേറുമാറാക്കി എന്നാണ് യോഹ ന്നാൻ ഊന്നിപ്പറഞ്ഞത്. പിന്നെ അപ്പൊസ്തലൻ ഈ ഉപജാപ പരാമർശം കൂട്ടിച്ചേർത്തു:

> എന്നിട്ടും പ്രമാണികളിൽ തന്നെയും അനേകർ അവനിൽ വിശ്വസിച്ചു; പള്ളിഭ്രഷ്ടർ ആകാതിരിപ്പാൻ പരീശന്മാർ നിമിത്തം ഏറ്റു പറഞ്ഞില്ലതാനും. അവർ ദൈവത്താലുള്ള മാനത്തേക്കാൾ മനുഷ്യരാലുള്ള മാനത്തെ അധികം സ്നേഹിച്ചു (യോഹന്നാൻ 12:42, 43).

യേശു അത്ഭുതങ്ങൾ ചെയ്തതായി യെഹൂദാദ്ധ്യക്ഷന്മാർക്ക് അറിയാമായിരുന്നു (യോഹന്നാൻ 11:47), എന്നാൽ ആ അറിവ് സ്പഷ്ടമായും അവരിൽ ഒരു സ്വാധീനവും ചെലുത്തിയില്ല. അങ്ങനെ സംഭവിക്കുവാൻ കാരണമെന്തെന്ന് ഇപ്പോൾ യോഹന്നാൻ പറയുന്നു. അത്ഭുതങ്ങൾ അവരിൽ പലരിലും സ്വാധീനം ചെലുത്തിയിരുന്നു,[5] എന്നാൽ അവരുടെ വിശ്വാസം അവർ മറച്ചുവെക്കുകയായിരുന്നു. "പള്ളിയിൽ നിന്നു പുറത്താകാൻ" അവർ ആഗ്രഹിച്ചില്ല – അതു അവരെ ദേശത്തിന്റെ മതപരവും, സാമൂഹ്യപരവും, സാമ്പത്തികവും, രാഷ്ട്രീയവുമായി അവരെ ദേശത്തിൽനിന്ന് ഛേദിച്ചുകളയും.[6]

ഏറ്റുപറച്ചലിന്റെ പ്രാധാന്യത്തെ അടിവരയിടുന്നതാണ് യോഹന്നാൻ 12:42. ഹൃദയങ്ങളിലുള്ള നമ്മുടെ വിശ്വാസം അധരം പ്രസ്താവിക്കണം (റോമർ 10:9, 10). നാം അവനെ ഏറ്റു പറഞ്ഞില്ലെങ്കിൽ അവൻ നമ്മെയും ഏറ്റു പറയുകയില്ല (മത്തായി 10:32, 33).

ദൈവം വിചാരിക്കുന്നതിനെ കുറിച്ച്, മനുഷ്യർ എന്തു വിചാരിക്കുന്നു എന്നതിനെ കുറിച്ച് കൂടുതൽ വിചാരപ്പെട്ടിരുന്നത് അന്നത്തെ പ്രമാണിമാരായിരുന്നു: "അവർ ദൈവത്താലുള്ള മാനത്തേക്കാൾ മനുഷ്യരാലുള്ള മാനത്തെ അധികം സ്നേഹിച്ചു" ദൈവം ആഗ്രഹിക്കുന്നതും മനുഷ്യർ ആഗ്രഹിക്കുന്നതും തമ്മിലുള്ള സമ്മർദ്ദം നാമെല്ലാം അനുഭവിച്ചിട്ടുണ്ട്. മുൻഗണനകൾ എപ്പോഴും നമ്മിൽ കത്തിക്കൊണ്ടിരിക്കും. പൗലൊസ് എഴുതി, "ഇപ്പോൾ ഞാൻ മനുഷ്യരേയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നത്? അല്ല ഞാൻ മനുഷ്യരെ പ്രസാദിപ്പിപ്പാൻ നോക്കുന്നുവോ? ഞാൻ ... മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസൻ ആയിരിക്കയില്ല" (ഗലാത്യർ 1:10).

യേശുവിനെ യെഹൂദന്മാർ ത്യജിച്ചത് യോഹന്നാൻ നിരീക്ഷിച്ചശേഷം, കർത്താവിൽ വിശ്വസിക്കേണ്ടതിന്റെ പ്രാധാന്യത്തെയും വിശ്വസിച്ചില്ലെങ്കിൽ ഉണ്ടാകുന്ന അന്തരഫലത്തെയും യോഹന്നാൻ കർത്താവിന്റെ തന്നെ പ്രസ്താവന ഉദ്ധരിക്കയുണ്ടായി (യോഹന്നാൻ 12:44–50). യേശു എപ്പോഴാണ് ആ വാക്കുകൾ പറഞ്ഞതെന്ന് നമുക്ക് അറിയേണ്ട വിഷയങ്ങളും ഉൾപ്പെടുന്നുണ്ട്.[7] അവയിൽ, യോഹന്നാന്റെ പുസ്തകത്തിൽ മുൻപ് പറഞ്ഞ വിവിധ വിഷയങ്ങളടക്കം ഉൾപ്പെടുന്നുണ്ട്.

- അവന് യോഹന്നാൻ 5–ൽ പറയുന്നതുപോലെ ഉണ്ടായിരുന്ന അവനും തന്റെ പിതാവും തമ്മിലുണ്ടായിരുന്ന ആടുത്ത ബന്ധം വാക്യം 44, 45, 49, 50 എന്നീ വാക്യങ്ങളിൽ ഊന്നി പറയുന്നുണ്ട്.[8] അതുകൊണ്ട് അവനെ തള്ളിക്കളയുന്നവർ ദൈവത്തെ തന്നെയാണ് തള്ളിക്കളയുന്നതെന്ന് അവൻ ഊന്നിപ്പറഞ്ഞു.
- വാക്യം 46–ൽ നിന്ന് അവൻ "ലോകത്തിന്റെ വെളിച്ചം" എന്ന വിഷയം തിരഞ്ഞെടുത്തിരിക്കുന്നു, അതു യോഹന്നാൻ 8:12–ൽ പരിചയപ്പെടുത്തുകയും, യോഹന്നാൻ 9ൽ വിപുലമാക്കുകയും, യോഹന്നാൻ 12:35, 36 ൽ സൂചിപ്പിക്കുകയും ചെയ്തിരിക്കുന്നു.[9]

വാക്യം 47 ലും 48 ലും ഉള്ള യേശുവിന്റെ പ്രസ്താവനയിൽ, അവന്റെ ഉപദേശങ്ങളെ സ്വീകരിക്കാതെ, ക്രിസ്തുവിനെ സ്വീകരിക്കുവാൻ (വിശ്വ

സിക്കുവാൻ) സാധ്യമല്ല എന്ന സത്യം പറയുന്ന ശക്തമായ വേദഭാഗം നമുക്കുണ്ട്.

> എന്റെ വചനം കേട്ട് പ്രമാണിക്കാത്തവനെ ഞാൻ വിധിക്കുന്നില്ല; ലോകത്തെ വിധിപ്പാനല്ല, ലോകത്തെ രക്ഷിപ്പാനത്രേ[10] ഞാൻ വന്നിരിക്കുന്നത്, എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവനുണ്ട്, ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും.[11]

## ദൈവാലയം വിട്ടുപോകൽ
## (മത്താ. 24:1-14; മർക്കൊ. 13:1-15; ലൂക്കൊ. 21:5-19)

### ഞെട്ടിക്കുന്ന ഒരു പരാമർശം (മത്താ. 24:1-3; മർക്കൊ. 13:1-43; ലുക്കൊ. 21:5-7)

താൻ "ഉയർത്തപ്പെടും" എന്ന പ്രസംഗത്തിനു ശേഷം, അവൻ "വാങ്ങിപ്പോയി" (യോഹന്നാൻ 12:36), "ദൈവാലയം വിട്ടാണ്" പോയത് (മർക്കൊസ് 13:1; മത്തായി 24:1 നോക്കുക). ക്രിസ്തു ദൈവാലയം വിട്ടുപോയതിന് പ്രാധാന്യമുണ്ട്. ദൈവത്തിന്റെ മഹത്വം (യേശു[12]), വീണ്ടും തിരിച്ചുവരാതവണ്ണം, വിട്ടുപോയി.[13] ദൈവാലയം നശിച്ച് നിരവധി ദശാബ്ദങ്ങൾ പിന്നിട്ടിട്ടും, അതിന്റെ വിധി മുദ്രയിട്ടിരുന്നു (മത്തായി 23:37, 38 നോക്കുക).

യേശു ദൈവാലയ സമുച്ചയം വിട്ടുപോയപ്പോൾ, അവന്റെ ശിഷ്യന്മാർ – പുറത്തുള്ള ടൗണിൽനിന്നായതുകൊണ്ട് – അവർക്ക് ചുറ്റുമുണ്ടായിരുന്ന ആ കെട്ടിടത്തിന്റെ മനോഹാരിത യേശുവിനോട് വർണ്ണിച്ചു. ശിഷ്യന്മാരിൽ ഒരാൾ അവനോട് പറഞ്ഞു, "ഗുരോ, ഇതാ, എങ്ങനെയുള്ള കല്ല്, എങ്ങനെയുള്ള പണി!" (മർക്കൊ. 13:1). മറ്റുള്ളവർ പറഞ്ഞു, "അതു മനോഹരമായ കല്ലുകളാലും വഴിപാടുകളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നു"[14] (ലൂക്കൊസ് 21:5).

ദൈവാലയസമുച്ചയത്തിന്റെ ഘടന പ്രാധാന്യമുള്ളതായിരുന്നു, യെഹൂദന്മാർക്ക് അതിൽ അഭിമാനവുമുണ്ടായിരുന്നു. അഥേനയിലെ അക്രൊപൊലിസിന്റെ ഇരട്ടി വലുപ്പം അതിനുണ്ടായിരുന്നു. അതിന്റെ പണി വെളുത്ത ചുണ്ണാമ്പുകല്ലും മാർബിളും കൊണ്ടായിരുന്നു; അല്പം ദൂരത്തുനിന്നു നോക്കിയാൽ മഞ്ഞുമൂടിയ മലപോലെ തോന്നിക്കുമായിരുന്നു. ബി.സി. 20ൽ മഹാനായ ഹെരോദാവ് ദൈവാലയപുനർനിർമ്മാണം തുടങ്ങി വെക്കുകയും, നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന സംഭവം നടക്കുമ്പോഴും അതിന്റെ പണി നടന്നുകൊണ്ടിരിക്കയായിരുന്നു.[15] ഒരുപക്ഷെ തീർത്ഥാടകർ വരുന്ന ഓരോ സമയത്തും ഓരോ മനോഹര പണി കൂട്ടിച്ചേർത്തിരിക്കും. ജോസെഫസ് "നേർച്ച വഴിപാടിനെകുറിച്ച്" എഴുതിയത്, അത് ദൈവാലയത്തെ അലങ്കരിച്ചിരുന്നു എന്നാണ്. അഗ്രിപ്പാ സമ്മാനിച്ചതായ സ്വർണ്ണ മാലകളും, പാനപാത്രങ്ങളും, കവചങ്ങളും, കിരീടങ്ങളും അവിടെയുണ്ടായിരുന്നു. സ്വർണ്ണം കൊണ്ടുള്ള മുന്തിരിവള്ളിയും വലിയ മുന്തിരിക്കുലകളും ഹെരോദാവ് സമ്മാനിച്ചത് അവിടെയുണ്ടായിരുന്നു.[16] ശിഷ്യന്മാർ അതെല്ലാം കണ്ട് മനോഹരമെന്ന് പറഞ്ഞതിൽ നമുക്ക് അതിശയിക്കുവാനില്ല.

എങ്ങനെയായാലും, ക്രിസ്തുവിന്റെ പ്രതികരണത്തിൽ അവരുടെ ആ

അതീവതാല്പര്യം മുങ്ങിപ്പോയി. "ഈ കാണുന്നതിൽ ഇടിഞ്ഞുപോകാതെ, കല്ല് കല്ലിന്മേൽ ശേഷിക്കാത്ത കാലം വരും" (ലൂക്കൊസ് 21:6). മുൻപ് യെരുശലേമിന്റേയും ദൈവാലയത്തിന്റേയും നാശത്തെ കുറിച്ച് യേശു മുന്നറിയിക്കയുണ്ടായി (മത്തായി 22:7; 23:38; ലൂക്കൊസ് 13:35[17]), എന്നാൽ ആ സൂചനകളെല്ലാം പലപ്പോഴും മൂടപ്പെട്ടിരുന്നു. ഈ അവസരത്തിൽ, അവന്റെ വാക്കുകൾ തെറ്റിദ്ധരിക്കുക പ്രയാസമായിരുന്നു.

"ഒരുകല്ല് മറ്റൊന്നിന്മേൽ ശേഷിക്കയില്ല" എന്നാണ് കർത്താവ് പറഞ്ഞത് (മർക്കൊസ് 13:2).[18] ജോസെഫസ് പറഞ്ഞതനുസരിച്ച്, ഒരു കല്ലിന്, എഴുപത് അടി നീളവും പന്ത്രണ്ട് അടി ഉയരവും പതിനെട്ട് അടി വീതിയും ഉണ്ടായിരുന്നു.[19] ആ ഏകശിലാ സ്തംഭങ്ങളെ നോക്കി അപ്പൊസ്തലന്മാർ ചിന്തിച്ചത് എനിക്ക് ഊഹിക്കുവാൻ കഴിയുന്നുണ്ട്, "ഈ കല്ലുകളൊന്നും കല്ലിന്മേൽ കല്ല് ശേഷിക്കയില്ലേ? അതെങ്ങനെ സംഭവിക്കും?" യെഹൂദന്മാർക്ക് യിസ്രായേലിന്റെ മഹത്വത്തിന്റേയും മതത്തിന്റേയും കേന്ദ്രമായിരുന്നു ദൈവാലയം. അതിന്റെ നാശം അവർക്ക് ചിന്തിക്കുവാനേ സാധിക്കുകയില്ല.

യേശുവും ശിഷ്യന്മാരും ദൈവാലയം വിട്ട്, കിദ്രോൻ തോട് കടന്ന്, ദൈവാലയത്തിന്റെ കിഴക്കുവശത്തുള്ള, ഒലിവ് മലഞ്ചെരുവിലെത്തി– ഒരുപക്ഷെ അവർ ചില രാത്രിയിൽ ചെലവഴിച്ച സ്ഥലമായിരിക്കാം അത് (ലൂക്കൊസ് 21:37). ആ ചെരുവിൽ ഇരുന്ന് (മത്തായി 24:3), അവർ തങ്ങൾക്ക് മുൻപിൽ വ്യക്തമായിരുന്ന "നഗരത്തെയും ദൈവാലയത്തെയും നോക്കി, സൂര്യൻ അസ്തമിക്കാറായസമയത്ത് നിഴൽ നീണ്ടു കിടക്കുന്നു."[20] അവർ താഴെയുള്ള ദൈവാലയസമുച്ചയത്തിലേക്ക് നോക്കിയപ്പോൾ (മർക്കൊസ് 13:3), ശിഷ്യന്മാരുടെ ഉള്ളിൽ തിളച്ചുകൊണ്ടിരുന്ന ചോദ്യം പുറത്തേക്ക് വന്നു.[21] അവർ യേശുവിനോട് ചോദിച്ചു, "അത് എപ്പോൾ സംഭവിക്കും എന്നും നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത്? എന്നും പറഞ്ഞു തരേണം" (മത്തായി 24:3; മർക്കൊസ് 13:4; ലൂക്കൊസ് 21:7).

ശിഷ്യന്മാർ ഒരുപക്ഷെ ഒരൊറ്റ സംഭവമായിരിക്കാം ചോദിച്ചത് – ദൈവാലയത്തിന്റെ നാശം – എന്നാൽ വാസ്തവത്തിൽ അവർ പല ചോദ്യങ്ങളായിരുന്നു ചോദിച്ചത്. പ്രത്യേകിച്ച് അവർ ക്രിസ്തുവിന്റെ "വരവിനെ" കുറിച്ചും "ലോകാവസാനത്തെ" കുറിച്ചും ചോദിച്ചു.[22] "വരവ്" എന്ന് തർജിമ ചെയ്തിരിക്കുന്നത് *പരോസിയ* എന്ന ഗ്രീക്ക് വാക്കാണ്. സുവിശേഷ വിവരണങ്ങളിൽ ഈ വാക്ക് കാണുന്ന ഏക സ്ഥാനം മത്തായി 24 ആണ് (വാ. 3, 27, 37, 39).[23] രാജാവിന്റെ വരവിനെ സൂചിപ്പിക്കുന്ന "ഗ്രീക്കിലെ സാങ്കേതിക വാക്കാണ് പരോസിയ."[24] ശിഷ്യന്മാർ ആ പദം ഉപയോഗിച്ചപ്പോൾ, അവരുടെ മനസിൽ ഒരുപക്ഷെ തെറ്റായ രീതിയിൽ യേശു ഭൗതികമായ ഒരു രാജ്യം സ്ഥാപിക്കും എന്നായിരിക്കാം ഉണ്ടായിരുന്നത്.[25] അങ്ങനെയെങ്കിൽ, "ലോകാവസാനം" കൊണ്ട് അർത്ഥമാക്കുന്നത് (അവരുടെ മനസിൽ) അപ്പോഴത്തെ രാഷ്ട്രീയ വ്യവസ്ഥയുടെ അവസാനമാണ് (അതായത്, അവർ വെറുത്തിരുന്ന റോമാ ഭരണം). മശിഹാ രാജ്യത്തിന്റെ ഉദ്ഘാടനം ഒഴിച്ച് മറ്റൊരു ദാരുണസംഭവവും ദൈവാലയനാശത്തിനായി സംഭവിക്കുന്നതു മനസിലാക്കുവാൻ അപ്പൊസ്തലന്മാർക്ക് കഴിയാതിരുന്നതുകൊണ്ടാകാം അവർ ആ ചോദ്യങ്ങൾ ഒരുമിച്ച് ചോദിച്ചത് (അതായത്, അവരുടെ സങ്കൽപത്തിലുണ്ടായിരുന്ന രാജ്യം). യേശുവിന്റെ മറുപടി നാം നോക്കുമ്പോൾ, അവന്റെ പ്രതികരണത്തിൽ ദൈവാലയനാശത്തിനപ്പുറം ഉണ്ടായിരുന്നു.

**ഗൗരവമായ വിവാദം**

ശിഷ്യന്മാരുടെ ചോദ്യങ്ങൾക്കുള്ള മത്തായി 24:4–25:46 ലെ ക്രിസ്തുവിന്റെ ഉത്തരം (കൂടാതെ മർക്കൊസ് 13:5–37; ലൂക്കൊസ് 21:8–36 നോക്കുക) അവന്റെ ദൈർഘ്യമേറിയ പ്രസംഗങ്ങളിൽ ഒന്നാണ് – ഒരു ഏറ്റവും വിവാദപരവും. യേശുവിന്റെ രണ്ടാം വരവിന്റെ[26] "അടയാളമായി" ആയിരം ആണ്ടുവാഴ്ച്ചക്കാർ മത്തായി 24 ഉപയോഗിക്കാറുണ്ട്. കർത്താവിന്റെ വരവ് കാണത്തക്കവണ്ണമായിരിക്കും എന്നു പറഞ്ഞ് ഭൂകമ്പമോ, ക്ഷാമമോ. യുദ്ധമോ ചൂണ്ടിക്കാണിക്കും, തന്റെ വരവ് എപ്പോഴാണെന്ന് ആർക്കും അറിയില്ല എന്ന് കർത്താവ് തന്നെ പറഞ്ഞിട്ടുള്ളത് ഓർക്കുക (മത്തായി 24:36).

മത്തായി 24 ഉം അതിനോട് അനുബന്ധിച്ചുള്ള വേദഭാഗങ്ങളും പഠിക്കുമ്പോൾ, ഒരാൾ എടുക്കുന്ന സമീപനം ഏതായാലും, അത് പ്രയാസമുള്ള ഒരു വേദഭാഗമാണ്. അതിനുള്ള ഒരു കാരണം, യേശു ഉപയോഗിച്ചത് "യെഹൂദന്മാരുടെ ഇടയിൽ നടപ്പുള്ള വെളിപ്പാടലങ്കാരമാണ്."[27] വെളിപ്പാടലങ്കാര സാഹിത്യം അതിന്റെ സന്ദേശം അറിയിക്കുവാൻ പരക്കെ ഉപയോഗിക്കപ്പെട്ടിട്ടുണ്ട് (പലപ്പോഴും അസാധാരണമായിരുന്നു). യെഹൂദന്മാർക്ക് വെളിപ്പാട് ഭാഷ പരിചയമുണ്ടായിരുന്നു. ദാനിയേൽ തുടങ്ങിയ ദൈവശ്വാസിയ പുസ്തകങ്ങളിൽ വെളിപ്പാടലങ്കാരം ഉപയോഗിച്ചിരുന്നതിനുപുറമേ, പഴയനിയമം അവസാനിക്കുന്നതിനും യേശു ജനിക്കുന്നതിനുമിടക്കുള്ള നൂറ്റാണ്ടുകളിൽ, ദൈവശ്വാസിയമല്ലാത്ത ഗ്രന്ഥങ്ങളിലും ധാരാളം കടന്നുകൂടിയിരുന്നു. അത്തരം അലങ്കാര പ്രയോഗം നമുക്ക് പരിചയമില്ലാത്തതുകൊണ്ട്, അവയുടെ അർത്ഥം വിവരിക്കുക പ്രയാസമാണ്.

ആ പ്രയാസങ്ങൾക്കുള്ള മറ്റൊരു കാരണം, യേശു ഉത്തരം നല്കിയത് ഒരു ചോദ്യത്തിനായിരുന്നില്ല, മറിച്ച് ഒന്നിലധികം ചോദ്യങ്ങൾക്കായിരുന്നു എന്നതാണ്: യെരുശലേം നാശത്തെക്കുറിച്ചും അവന്റെ രണ്ടാം വരവിനെ കുറിച്ചുമുള്ള ചോദ്യങ്ങൾ. എ.ഡി. 70–ൽ എന്തു സംഭവിക്കുമെന്നതിനെക്കുറിച്ചും ലോകാവസാനം എന്നു സംഭവിക്കുമെന്നതിനെ കുറിച്ചും അവൻ പറഞ്ഞത് കെട്ടിമറിഞ്ഞു കിടക്കുകയാണ്. അവ തമ്മിൽ വേർതിരിച്ച് മനസിലാക്കുക പലപ്പോഴും പ്രയാസമാണ്. പലപ്പോഴും – ഉപയോഗിച്ചിട്ടുള്ള രൂപകാലങ്കാരം രണ്ടു പർവ്വതശിഖരങ്ങളുമായിട്ടാണ് – വളരെ അടുത്തുള്ള ഒന്നും ദൂരെയുള്ള മറ്റൊന്നും – നമ്മുടെ പോയിന്റിനായി അവയുടെ പ്രതിബിംബങ്ങൾ ഒന്നിച്ചു കിടക്കുന്നത് എടുക്കാം. രണ്ടു സംഭവങ്ങളും സംഭവിക്കുന്നത് ആയിരക്കണക്കിനു വർഷങ്ങൾ വ്യത്യാസത്തിലാണെങ്കിലും, മിക്ക പണ്ഡിതന്മാരും കരുതുന്നത് യെരുശലേം നാശത്തിനും രണ്ടാം വരവിനും തമ്മിൽ വളരെ അടുത്ത ബന്ധം ഉണ്ട് എന്നാണ്. ഒന്നാമത്തേത് (യെരുശലേമിന്റെ നാശം) രണ്ടാമത്തേതിന്റെ (രണ്ടാം വരവ്) നിഴലാണ്.

ഈ ചിന്തകൾ യോജിച്ചു കിടക്കുന്നതായി തോന്നുന്നുണ്ടെങ്കിലും, മത്തായി 24 ന്റെ ആദ്യപകുതിയിൽ ഊന്നൽ നൽകിയിരിക്കുന്നത് യെരുശലേം നാശത്തിനും രണ്ടാം പകുതിയിൽ ഊന്നൽ നൽകിയിരിക്കുന്നത് രണ്ടാം വരവിനും ആണെന്ന കാര്യത്തിൽ മിക്കപേരും യോജിക്കും:

- അദ്ധ്യായത്തിന്റെ ആദ്യപകുതിയിൽ, വാക്യങ്ങൾ 19 ഉം 20 ഉം ശ്രദ്ധിക്കുക: "ആ കാലത്ത് ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം! എന്നാൽ നിങ്ങളുടെ ഓടിപ്പോക്ക്,

ശീതകാലത്തിലോ ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ സൂക്ഷി ച്ചുകൊൾവിൻ.'' ഗർഭിണികളും മുലകുടിപ്പിക്കുന്നവരും കാലവും ആഴ്ച്ചവട്ടത്തിലെ ഒരു ദിവസവുമായി രണ്ടാം വര വിന് എന്തെങ്കിലും ബന്ധമുണ്ടോ? ഇല്ല. എങ്ങനെയായാലും, ആ കാര്യങ്ങളെല്ലാം യെരുശലേമിന്റെ നാശസമയത്ത് പ്രാധാ ന്യമുള്ളതായിരുന്നു.[28]

- രണ്ടാം ഭാഗത്ത്, 40 ഉം 41 ഉം വാക്യങ്ങളിൽ ചിലരെ എടുക്കു കയും മറ്റുചിലരെ വിട്ടുകളയുകയും ചെയ്യും എന്ന് പറഞ്ഞിരി ക്കുന്നത് ശ്രദ്ധിക്കുക. ആ വാക്യങ്ങൾക്ക് യെരുശലേം നാശ വുമായി ഒരു ബന്ധവുമുണ്ടായിരുന്നില്ല, അവ രണ്ടാം വരവു മായി ബന്ധപ്പെട്ടതാണ്.[29]

മത്തായി 24:4–35 ലെ (യെരുശലേം നാശത്തെ പരാമർശിക്കുന്നതും) 24:36–41 ലെ (രണ്ടാം വരവിനെ പരാമർശിക്കുന്നതും) തമ്മിൽ പല വ്യത്യാ സങ്ങളും എടുത്തുകാണിക്കാം. അവയിൽ ചിലത് "മത്തായിയുടെ പുസ്ത കത്തിൽ കാണുന്ന വ്യത്യാസങ്ങൾ" എന്ന ചാർട്ട് ഈ പാഠത്തിന്റെ അവ സാനം വരുന്നതിൽ ഉണ്ട്.[30]

മത്തായി 24 ലെ ആദ്യഭാഗം യെരുശലേം നാശത്തെയും രണ്ടാമത്തെ ഭാഗം രണ്ടാം വരവിനെയുമാണ് പ്രതിപാദിക്കുന്നതെന്ന കാര്യത്തിൽ ചില വ്യാഖ്യാതാക്കൾ യോജിക്കുന്നുണ്ട്. അപ്പോഴും, അവ സമ്മിശ്രമായിട്ടാണ് കിടക്കുന്നതു എന്നാണ് അവരുടെ നിലപാട്. അതുകൊണ്ട്, ഏത് വാക്യം ആദ്യത്തെ സംഭവത്തെ വിവരിക്കുന്നു എന്നും ഏതു വാക്യം രണ്ടാമത്തെ സംഭവത്തെ വിവരിക്കുന്നു എന്നും ഓരോരുത്തരും സ്വതന്ത്രമായി ഏകപ ക്ഷിയമായി തീരുമാനിക്കുന്നു. മത്തായി 24 സമീപിക്കാവുന്ന ഒരു രീതി ഇതാണ്,[31] ഈ സമീപനം നിങ്ങൾ സ്വീകരിച്ചാൽ, നിങ്ങൾ വാക്യം 34 കൈകാര്യം ചെയ്യണം, അവിടെ യേശു പറഞ്ഞു, "ഇതൊക്കെയും സംഭവി ക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല." വാക്യം 4 മുതൽ 33 വരെ യുള്ള വാക്യങ്ങളിൽ യേശു പറഞ്ഞവയെല്ലാം അന്ന് ജീവനോടെയിരുന്ന ചിലരുടെ കാലത്ത് തന്നെ നിറവേറണം എന്നാണ് വാക്യം 34 നാം സ്വാഭാവി കമായി മനസിലാക്കേണ്ടത്.[32] "തലമുറ" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ജെനീ*) സാധാരണ അർത്ഥമാക്കുന്നത് ഒരു പ്രത്യേക കാലം വരെ ജീവിക്കുന്ന വരെ സംബന്ധിച്ചാണ്. മത്തായി 24:34 ലെ പ്രസ്താവന ക്രിസ്തു നടത്തു ന്നതിന് തൊട്ടു മുൻപ് തന്റെ സദസ്യർക്ക് നേരിടുവാനുള്ള ഭയങ്കര കാര്യ ങ്ങളെ മുന്നറിയിച്ച് അതേ വാക്ക് പറയുകയുണ്ടായി (മത്തായി 23:36; മത്തായി 24:34 മായി താരതമ്യം ചെയ്യുക).

മത്തായി 24:24–33 മുഴുവനായോ, ഭാഗികമായോ എടുത്ത് രണ്ടാം വരവിനെ വിവരിക്കുവാൻ ശ്രമിക്കുന്നവർക്ക് വാക്യം 34 വിഷമമുണ്ടാക്കും. ആ വേദഭാ ഗത്തിൽ പറയുന്ന "തലമുറ" "വർഗ്ഗം" ആണെന്ന് ചിലർ പറയുന്നു, അതായ ത്, യെഹൂദവർഗം. ആർ. ടി. ഫ്രാൻസ് പറഞ്ഞു, "വ്യാഖ്യാതാക്കൾക്ക് ആ വേദഭാഗം ലജ്ജിപ്പിക്കുന്നില്ലെങ്കിൽ നാമത്തിന് ഒരിക്കലും അത്തരം അസംഭ വ്യമായ അർത്ഥം വരുവാനിടയില്ല."[33] ജാക്ക് പി.ലൂയിസ് എഴുതി:

അദ്ധ്യായം മുഴുവൻ വ്യാഖ്യാനിക്കുമ്പോൾ, **തലമുറ** (ജെനീ) യുടെ അർത്ഥം

> നിർണ്ണായകമാണ്. എന്നാൽ ജെരോമിന് ശേഷമുള്ള സ്കോഫീൽഡ് പറഞ്ഞത്, അത് അർത്ഥമാക്കുന്നത് യെഹൂദ ജാതി ആണെന്നാണ്, അതിനു പുതിയനിയമത്തിലുള്ള ഏക സാധ്യതയാണുള്ളത് (ലൂക്കൊസ് 16:8) അവിടെ ലെക്സിക്കൻ പറയുന്നത് *ജെനീ* യുടെ അർത്ഥം ജാതി എന്നാണ്. *ജെനോസ്* (ജാതി) എന്നതും *ജെനീ* (തലമുറ) എന്നതും തമ്മിൽ വ്യത്യാസമുണ്ട്. ജെനീ എന്നതു അവസാന തലമുറയാണെന്ന് മറ്റുള്ളവർ വാദിക്കുന്നുണ്ട്, അതായത്, ഒരിക്കൽ അടയാളങ്ങൾ ആരംഭിച്ചാൽ, ആ പറഞ്ഞ സംഭവങ്ങളെല്ലാം ഒരു തലമുറയിൽ നടക്കും (ഒ. വാ. 23:36). എന്നാൽ മത്തായിയുടെ പുസ്തകത്തിൽ മറ്റു ഭാഗങ്ങളിൽ ജെനീ ഒരു സമയത്ത്, പ്രത്യേകിച്ച് ക്രിസ്തുവിന്റെ കാലത്ത് ജീവിക്കുന്ന തലമുറയിൽ ഉള്ളവരാണ് (1:17; 11:16; 12:39, 41, 45; 23:36; ലൂക്കൊസ്.11:50 മു; 17:25), ഇവിടെ അതു തന്നെയാണ് അർത്ഥമെന്ന് നിസംശയം പറയാം.[34]

അടുത്ത പഠനത്തിൽ,[35] വാക്യം 34 ന്റെ അർത്ഥവും മുൻ വാക്യങ്ങളിലെ സംഭവങ്ങളും സംഭവിക്കേണ്ടത് ക്രിസ്തു ആ വക്കുകൾ സംസാരിച്ചപ്പോൾ ജീവിച്ചിരുന്ന ആ തലമുറയിൽ തന്നെയായിരുന്നു.[36] ഈ സമീപനത്തിലുള്ള പ്രയാസങ്ങൾ ആ വേദഭാഗം വരുമ്പോൾ നാം മനസിലാക്കും.[37]

### ഒരു പ്രധാനപ്പെട്ട ഉത്ഭവം
### (മത്താ. 24:4-14; മർക്കൊ. 13:5-15; ലൂക്കൊ. 21:8-19)

മത്തായി 24 ഉം അതുമായി ബന്ധപ്പെട്ട മർക്കൊസിലേയും ലൂക്കൊസിലേയും വേദഭാഗങ്ങൾ പഠിക്കുവാൻ നാം തയ്യാറായി കഴിഞ്ഞു. പഠനം അടുത്ത പാഠത്തിൽ നാം പൂർത്തിയാക്കും.

പല "അടയാളങ്ങൾ കൂടാ–തെയാണ്" ക്രിസ്തു തന്റെ പ്രസംഗം തുടങ്ങിയത്. യെരുശലേമിന്റെ നാശം യെഹൂദർക്ക് ക്ലേശകരമായിരിക്കുകയും യേശുവിന്റെ പ്രവചനം നിറവേറുവാൻ കാത്തിരിക്കുന്നവർക്ക് എന്തിനും ഏതിനും സംഭവിക്കുന്നതിനു മുമ്പ് അടയാളം പ്രതീക്ഷിക്കുകയും ചെയ്തിരുന്നു. ഈ ചിത്രീകരണം പരിഗണിക്കുക: എന്റെ വീട് നശിച്ചുപോകും എന്ന് ആരെങ്കിലും പ്രവചിച്ചാൽ – ഞാൻ അയാളെ വിശ്വസിക്കുകയും ചെയ്താൽ – വരുന്ന ഓരോ കാറ്റും ഞാൻ ഭയപ്പെടും. തന്റെ അനുയായികൾ തെറ്റായി നയിക്കപ്പെടുവാൻ ക്രിസ്തു ആഗ്രഹിച്ചിരുന്നില്ല (മത്തായി 24:4; മർക്കൊസ് 13:5; ലൂക്കൊസ്. 21:8), അതുകൊണ്ട് അവൻ *തെറ്റായി നയിക്കപ്പെടുവാൻ സാധ്യതയുള്ള* അടയാളങ്ങളെ ആദ്യം മുന്നറിയിച്ചു.

*കള്ളക്രിസ്തുക്കൾ*: കള്ളമശിഹമാർ എഴുന്നേല്ക്കുമെന്ന് അവൻ പറഞ്ഞു (മത്തായി 24:5; മർക്കൊസ് 13:6; ലൂക്കൊസ് 21:8; കൂടാതെ മത്തായി 24:24; മർക്കൊസ് 13:22 നോക്കുക). "അവരെ അനുഗമിക്കരുത്" എന്നായിരുന്നു അവൻ മുന്നറിയിച്ചത് (ലൂക്കൊസ് 21:8). ചിലപ്പോൾ, അക്കാലത്ത്, ആകർഷണിയമായ അവകാശങ്ങൾ ഉന്നയിക്കുവാൻ സാധ്യതയുണ്ടായിരുന്നു (പ്രവൃത്തികൾ 5:34–39; 21:38 നോക്കുക).[38]

*യുദ്ധങ്ങളും യുദ്ധശ്രുതികളും*: യുദ്ധശ്രുതികളും മറ്റു ശല്യങ്ങളും ശിഷ്യന്മാരെ ഉണർത്തുന്നതിനായിരുന്നില്ല (മത്തായി 24:6; മർക്കൊസ് 13:7; ലൂക്കൊസ് 21:9). കർത്താവ് പറഞ്ഞു, "... അത് സംഭവിക്കേണ്ടതു തന്നെ, എന്നാൽ അത് അവസാനമല്ല [യെരുശലേമിന്റേയും ദൈവാലയത്തിന്റേയും

അന്ത്യം]" (മത്തായി 24:6; മർക്കൊസ് 13:7; ലൂക്കൊസ് 21:9). റോമാ സാമ്രാജ്യം സമാധാനത്തിലായിരുന്നപ്പോഴായിരുന്നു ഈ വാക്കുകൾ സംസാരിച്ചത്; എന്നാൽ, അധികം താമസിക്കാതെ യുദ്ധം പൊട്ടിപ്പുറപ്പെട്ടു എന്നാണ്, ചരിത്രകാരന്മാർ പറയുന്നത്.

*പ്രകൃതി വിപത്തുകൾ*: (എല്ലായ്പോഴുമെന്നപോലെ) ക്ഷാമവും, മഹാവ്യാധികളും ഉണ്ടാകുമെന്നും ക്രിസ്തു പറഞ്ഞു (മത്തായി 24:7; മർക്കൊസ് 13:8; ലൂക്കൊസ് 21:11[39]). യേശു അതിനെ വെറും "ഈറ്റു നോവിന്റെ ആരംഭം" എന്നാണ് വിളിച്ചത് (മത്തായി 24:8; മർക്കൊസ് 13:13). വാക്യം 6 ലേയും 14 ലേയും "അവസാനം" എന്ന വാക്കിന് എതിരാണ് "ആരംഭം" എന്ന വാക്ക്. മറ്റൊരു വാക്കിൽ പറഞ്ഞാൽ ആ പ്രകൃതി ദുരന്തങ്ങൾ "അവസാനത്തിന്റെ അടയാളങ്ങൾ" ആയിരിക്ക*യില്ല*.

*സഭയുമായ ബന്ധത്തിൽ പ്രതിസന്ധി:* യേശുവിന്റെ അനുയായികൾക്ക് ഉപദ്രവം പ്രതീക്ഷിക്കാം (മത്തായി 24:9; മർക്കൊസ് 13:9; ലൂക്കൊസ് 21:12, 16, 17).[40] എങ്ങനെയായാലും, കർത്താവ് അവരോടുകൂടെ ഉണ്ടായിരിക്കുമെന്ന് വാഗ്ദാനം ചെയ്തിരുന്നു (ലൂക്കൊസ് 21:18[41]). ആ ഉപദ്രവങ്ങൾ അവരുടെ വിശ്വാസത്തെ സാക്ഷീകരിക്കുന്നതായിരിക്കുമെന്നും പറഞ്ഞിരുന്നു (മർക്കൊസ് 13:9, 11; ലൂക്കൊസ് 21:12; 13–15).[42] മറ്റൊരു പ്രശ്നം കള്ള പ്രവാചകന്മാരായിരുന്നു (ഉപദേഷ്ടാക്കൾ) അവർ അനേകരെ തെറ്റിക്കും (മത്തായി 24:11; മത്തായി 24:24; മർക്കൊസ് 13:22).[43] ഉപദ്രവവും വഞ്ചനയും നിമിത്തം ചില ക്രിസ്ത്യാനികൾ വീണു പോകും. ചിലർ സഹക്രിസ്ത്യാനികളെ, കുടുംബാംഗങ്ങളെ പോലും ഒറ്റിക്കൊടുക്കും (മത്തായി 24:10, 12; മർക്കൊസ് 13:12; ലൂക്കൊസ് 21:16). "എന്നാൽ അവസാനത്തോളം സഹിക്കുന്നവൻ" ക്രിസ്തു പറഞ്ഞു "രക്ഷിക്കപ്പെടും" (മത്തായി 24:13; മർക്കൊസ് 13:13; ലൂക്കൊസ് 21:19 നോക്കുക). നാം വിശ്വസ്തരാകേണ്ടതിനും – അവർക്ക് വേണ്ടിയും – അവൻ എത്രമാത്രം സഹിച്ചു.

*സുവിശേഷം വ്യാപിക്കൽ*: "അടയാളങ്ങൾ കൂടാ–തെയുള്ള" കാര്യങ്ങൾ അവസാനിപ്പിച്ചുകൊണ്ട് അവൻ പറഞ്ഞു, "രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും, അപ്പോൾ [യെരുശലേമിന്റേയും ദൈവാലയത്തിന്റേയും നാശം] അവസാനം വരും" (മത്തായി 24:14; മർക്കൊസ് 13:10 നോക്കുക). കുറെ ആഴ്ച്ചകൾക്ക് ശേഷം, സ്വർഗാരോഹണത്തിന് തൊട്ടുമുൻപ്, കർത്താവ് അപ്പൊസ്തലന്മാർക്ക് മഹത്തായ ആജ്ഞ ആയ "ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കയും'' ''സകലജാതികളെയും ശിഷ്യരാക്കികൊൾകയും ചെയ്‌വിൻ" എന്നതു നൽകുകയും ചെയ്തു (മർക്കൊസ് 16:15; മത്തായി 28:19). "ലോകത്തിന്റെ അറ്റത്തോളം" സുവിശേഷം എത്തിക്കുന്ന ജോലി അവന്റെ അനുയായികൾ എങ്ങനെ ചെയ്തു എന്നു പ്രവൃത്തികളുടെ പുസ്തകം പറയുന്നുണ്ട് (പ്രവൃത്തികൾ 1:8). എങ്ങനെയായാലും, അതിനെല്ലാം സമയം വേണം. അതുകൊണ്ട്, "അവസാനം" എന്നത് വർഷങ്ങൾക്ക് ശേഷം ഭാവിയിൽ സംഭവിക്കുവാനുള്ളതാണെന്ന് കർത്താവ് പറഞ്ഞു. ഏതാണ്ട് ഏ.ഡി. 63–ൽ (യെരുശലേം നശിക്കുന്നതിന് ഏഴു വർഷങ്ങൾക്കു മുൻപ്), സുവിശേഷം "ആകാശത്തിൻകീഴിൽ സകല സൃഷ്ടികളോടും അറിയിച്ചതായി'' പൗലൊസിനു എഴുതുവാൻ കഴിഞ്ഞു (കൊലൊസ്യർ 1:23[44]).

### ഉപസംഹാരം

അടയാളങ്ങൾ കൂടാ–തെയുള്ള കാര്യങ്ങളും തെറ്റിദ്ധരിപ്പിക്കുവാൻ സാധ്യതയുള്ള അടയാളങ്ങളെ കുറിച്ചും പറഞ്ഞശേഷം, സംശയരഹിതമായി യെരുശലേം അടുത്തു തന്നെ നശിപ്പിക്കപ്പെടും എന്ന് എങ്ങനെ അവർ അറിയുമെന്ന് യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു (മത്തായി 24:15; ലൂക്കൊസ് 21:20). മത്തായി 24 ലെ ആ സമയത്തെ സംഭവങ്ങൾ നാം അടുത്ത പാഠത്തിൽ പഠിക്കും.

ഈ സമയത്ത് ദൈവം എന്തിനാണ്, ഈ അമ്പരപ്പിക്കുന്ന അദ്ധ്യായം സൂക്ഷിച്ചിരിക്കുന്നത് എന്ന് നിങ്ങൾ അതിശയിച്ചേക്കാം. നാം അടുത്ത പാഠത്തിൽ പഠിക്കുവാൻ പോകുന്നതാണ് ഒരു കാരണം, അത് റോമാക്കാർ യെരുശലേം വളയുമ്പോൾ ക്രിസ്ത്യാനികളെ സംരക്ഷിക്കുവാൻ ആഗ്രഹിച്ചതുകൊണ്ടാണ്. കർത്താവ് പറയുന്നതിൽ നാം ആശ്രയിക്കുന്നതിനും വേണ്ടിയാകാം: അടുത്ത പാഠത്തിൽ, അവന്റെ മുന്നറിയിപ്പ് "കല്ലിന്മേൽ കല്ല് ശേഷിക്കയില്ല" എന്നതു അക്ഷരികമായി വാസ്തവമായിതീർന്നു. എന്തു സംഭവിച്ചാലും വിശ്വസ്തതയുടെ പ്രാധാന്യം ഊന്നിപ്പറയുക എന്നതായിരുന്നേക്കാം മുഖ്യ ഉദ്ദേശം. നാം എപ്പോഴും ഒരുങ്ങിയിരിക്കണം (മത്തായി 24:13, 42, 44).

### പ്രസംഗക്കുറിപ്പുകൾ

നമ്മുടെ പരമ്പരയിലെ പാഠങ്ങളിലും പ്രസംഗങ്ങളിലും ഈ പാഠത്തിലുള്ള വേദഭാഗങ്ങൾ വിപുലമാക്കിയിട്ടുണ്ട്:പ്രസംഗങ്ങൾ "നമ്മുടെ നൽകൽ യേശു നോക്കുമ്പോൾ" എന്നതും അടുത്ത പാഠത്തിലെ "നാഴിക വന്നിരിക്കുന്നു" എന്നതും ഈ പാഠത്തിലും അടുത്തതിലും വരുന്ന മത്തായി 24 ന്റെ വിശദീകരണവും. എന്നിരുന്നാലും ഒറ്റപ്പെട്ട വേദഭാഗങ്ങൾ പ്രസംഗങ്ങൾക്കുള്ള സ്പ്രിങ്ങ് ബോർഡായി ഉപയോഗിക്കാം: "ലോകത്തിന്റെ ആവശ്യം" ("യേശുവിനെ കാണുക"; യോഹന്നാൻ 12:21); "ഞാൻ ഉയർത്തപ്പെട്ടാൽ" (ജീവിതങ്ങളിന്മേൽ ക്രൂശീകരണത്തിന്റെ സ്വാധീനം);[45] "ഈ ലോകത്തിന്റെ പ്രഭു" (യോഹന്നാൻ 12:31; കെജെവി; മത്തായി 4:8, 9; 2 കൊരിന്ത്യർ 4:4; എഫെസ്യർ 6:12 നോക്കുക), "ആരുടെ അംഗീകാരമാണ് നിങ്ങൾക്ക് ഏറ്റവും മുഖ്യം?" (യോഹന്നാൻ 12:43).

### ഒരു വിശദീകരണം

നമ്മുടെ പഠനത്തിൽ ഈ പാഠത്തിലും അടുത്തതിലും നാം ധാരാളം വെല്ലുവിളികൾ നേരിടുന്നതാണ്. ഒരു വെല്ലുവിളി വേദഭാഗയോജിപ്പിനെ നാല്പതോ അതിൽ–കൂടുതലോ–കുറവോ ആയ തുല്യഭാഗങ്ങളായി ഭാഗിക്കുക എന്നതാണ്: ഈ ഭാഗത്തെ യോജിപ്പ് ഒഴിച്ച് മറ്റെല്ലാ സ്ഥലത്തും അതു കൃത്യമായി നടന്നു. വിഭജിക്കാവുന്ന നല്ല ഒരു സ്ഥാനമില്ല. അതുകൊണ്ട്, നിങ്ങൾ ശ്രദ്ധിച്ചതുപോലെ, മത്തായി 24 നെകുറിച്ചുള്ള പഠനം ഇതിൽ തുടങ്ങി അടുത്ത പാഠത്തിൽ നാം പൂർത്തിയാക്കും. ഈ രണ്ടു പാഠങ്ങളേയും ഞാൻ രണ്ടു–ഭാഗമുള്ള പഠനമായിട്ടാണ് ഇതിനെ വീക്ഷിച്ചിരിക്കുന്നത്.

*ബന്ധപ്പെട്ട ഒരു വെല്ലുവിളി.* യോജിപ്പിനെ കുറിച്ച് ബൈബിൾ ക്ലാസിനു വേണ്ടിയുള്ള ഒരു പഠനമായിട്ടാണ് അടിസ്ഥാനപരമായി ഇതു തയ്യാറാക്കിയിരിക്കുന്നത്. പാഠം വേദഭാഗത്തെ കുറിച്ചുള്ള ഒരു പ്രസംഗശേഷം അവതരിപ്പിക്കാവുന്നതാണ്. ഈ പാഠത്തിലും അടുത്തതിലും മത്തായി 24 വിശദ

മായി നാം പഠിക്കുന്നതുകൊണ്ട്, രണ്ടാമത്തെ പാഠവുമായ ബന്ധത്തിൽ തീർച്ചയുള്ള വേദഭാഗം നാം ഉപയോഗിക്കുന്നില്ല. അതുകൊണ്ട്, അടുത്ത പാഠത്തിനു ശേഷം വരുന്ന പ്രസംഗം ഈ പാഠത്തിൽനിന്ന് എടുത്തതാണ്–യവനന്മാർ യേശുവിനെ അന്വേഷിച്ച സംഭവത്തിൽനിന്ന്.

*ഒരു വ്യത്യസ്തമായ പ്രശ്നം*: യോഹന്നാൻ 12:20–50 ലെ സംഭവം (സംഭവങ്ങൾ) എപ്പോഴാണ് നടന്നതെന്ന് നമുക്ക് അറിയില്ല. വെള്ളിയാഴ്ച്ചയിലെ അവസാന അത്താഴത്തിനും ഞായറാഴ്ച്ചയിലെ വിജയപ്രവേശനത്തിനും ഇടക്ക് രേഖപ്പെടുത്തിയിട്ടുള്ള ഏക സംഭവം ഇതു–മാത്രമാണ്. ദൈവാലയത്തിലെ ക്രിസ്തുവിന്റെ പ്രവൃത്തികളിൽ ഈ വേദഭാഗം എവിടെ വരുമെന്ന് നമുക്ക് കൃത്യമായി അറിയില്ല. തിങ്കളാഴ്ച്ച നടന്ന പ്രവൃത്തികളിൽ ധാരാളം യോജിപ്പുകളുണ്ട്. ഞാൻ അത് എവിടെ വെച്ചിരിക്കുന്നുവോ അതാണ് യോജിക്കുന്ന സ്ഥാനമെന്ന് എനിക്ക് തോന്നുന്നു. (1) യേശു സ്ത്രീകളുടെ പ്രാകാരത്തിലായിരുന്നുവെങ്കിൽ (അവൻ മുൻപ് ആ "വിധവ ശ്രീഭണ്ഡാരത്തിലിട്ടപ്പോഴെന്ന പോലെ"), ജാതികൾക്ക് (യവനന്മാർ) അവൻ ഇരിക്കുന്ന സ്ഥാനത്ത് ചെല്ലുവാൻ കഴിയുകയില്ല, അവനോട് അവരുടെ അടുക്കലേക്ക് വരുവാൻ പറയുവാനേ കഴിയുമായിരുന്നുള്ളു. (2) യെഹൂദന്മാർ എങ്ങനെ യേശുവിനെ കൈക്കൊണ്ടു എന്ന് ചുരുക്കി പറയുന്നതാണ് യോഹന്നാൻ 12:37–50 – അല്ലെങ്കിൽ, കൂടുതൽ പ്രത്യേകമായി പറഞ്ഞാൽ, യെഹൂദാദ്ധ്യക്ഷന്മാർ എങ്ങനെ യേശുവിനെ കൈക്കൊണ്ടില്ല. ആ ചുരുക്കം ക്രിസ്തു അവസാനം ദൈവാലയം വിട്ടുപോകുവാനുള്ള സ്വാഭാവിക കാരണം നമുക്ക് നൽകുന്നു.

---

കുറിപ്പുകൾ

[1]ഈ പാഠത്തിലും അടുത്തതിലും നാം പിൻപറ്റുന്ന പഠനരീതിയിൽ ചില വെല്ലുവിളികൾ നേരിടുന്നുണ്ട്. [2]ശ്രീഭണ്ഡാരം ഇരുന്ന സ്ഥലത്തായിരുന്നു സ്ത്രീകളുടെ പ്രാകാരം (മർക്കൊസ് 12:41; ലൂക്കൊസ് 21:1). അതിന്റെ സ്ഥാനനിർണ്ണയത്തിന് *ക്രിസ്തുവിന്റെ ജീവിതം, 1* ലെ ദൈവാലയത്തിന്റെ ചാർട്ട് നോക്കുക. [3]ബി. എസ്. ഡീൻ, "ആൻ ഔട്ട്ലൈൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ഹിസ്റ്ററി" ട്രൂത്ത് ഫോർ ടുഡെ (മാർച്ച് 1992), 25. [4]ഈ സംഭവം എവിടെ വെക്കണമെന്ന് നമുക്ക് അറിയില്ല. എങ്കിലും ഇവിടെയാണ് അത് യോജിക്കുന്നതെന്ന് തോന്നുന്നു. [5]യോഹന്നാൻ 12:42 ലെ "പ്രമാണിമാർ" എന്നതിനർത്ഥം പള്ളിപ്രമാണിമാർ എന്നാണ്. ഈ സന്ദർഭത്തിൽ ഒരുപക്ഷെ ന്യായാധിപസഭയിലെ അംഗങ്ങളെ ആയിരിക്കാം സൂചിപ്പിക്കുന്നത്. പ്രമാണിമാർക്ക് വിശ്വാസം ജനിച്ചതിന് ഉദാഹരണത്തിന് യോഹന്നാൻ 8:30, 31; 9:16 നോക്കുക. [6]പള്ളിഭ്രഷ്ടാക്കുന്നതിനെ സംബന്ധിച്ച്, പ്രമാണിമാരിൽനിന്നുള്ള നിഷേധഫലം കുരുടനു ലഭിക്കുന്നതിനേക്കാൾ വലുതായിരിക്കും. [7]യേശു ആളുകളിൽനിന്നു വേറിട്ട് പോയി മറഞ്ഞിരുന്നു എന്നു യോഹന്നാൻ പറഞ്ഞതുകൊണ്ട് (യോഹന്നാൻ 12:36), യോഹന്നാൻ 12:23–36 ലെപ്രസംഗം കഴിഞ്ഞ ഉടനെ ആയിരിക്കാം ആ വാക്കുകൾ സംസാരിച്ചതെന്ന് നാം അനുമാനിക്കുന്നു. ക്രിസ്തുവിന്റെ അവസാന ആഴ്ച്ചയിലെ ശുശ്രൂഷയിൽ ഏത് സമയത്തും അതു സംസാരിച്ചുകാണാം. [8]*ക്രിസ്തുവിന്റെ ജീവിതം, 2* ലെ "ദൈവത്തോടുള്ള സമത്വം" എന്ന പ്രസംഗം നോക്കുക. [9]യോഹന്നാൻ 8:12 ന്റെ വ്യാഖ്യാനത്തിന്, *ക്രിസ്തുവിന്റെ ജീവിതം, 4* ലെ "പകരം ഒന്നും സ്വീകരിക്കരുത്" എന്ന പാഠവും യോഹന്നാൻ 9 ന്റെ വ്യാഖ്യാനത്തിന്, ഈ പുസ്തകത്തിലുള്ള "ഞാൻ കുരുടൻ ആയിരുന്നു, എന്നാൽ ഇപ്പോൾ

കാണുന്നു," എന്ന പ്രസംഗം നോക്കുക. [10]യോഹന്നാൻ 3:17–ൽ അതേ രീതിയിലുള്ള പ്രസ്താവനയുണ്ട്, യേശുവിന്റെ ആദ്യത്തെ വരവ് രക്ഷകനായിട്ടായിരുന്നു, അല്ലാതെ ന്യായാധിപനായിട്ടായിരുന്നില്ല; എന്നാൽ അവന്റെ രണ്ടാം വരവിൽ, അവൻ നമ്മുടെ ന്യായകർത്താവായിരിക്കും (മത്തായി 25:31, 32; പ്രവൃത്തികൾ 17:31).

[11]ഇത് വെളിപ്പാട് 20:12 മായി താരതമ്യം ചെയ്യുക, അവിടെ പുസ്തകങ്ങൾ തുറക്കുന്നതായും, "പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതനുസരിച്ച് ന്യായവിധി നടക്കുമെന്നും പറയുന്നു." [12]യോഹന്നാൻ 2:11; 8:54 വായിക്കുക. [13]1 ശമുവേൽ 4:21, 22 വായിക്കുക. [14]"വോ" എന്നതിന്റെ ലാറ്റിൻ വാക്കിൽനിന്നാണ് "മോട്ടിവ്" എന്ന വാക്ക് വരുന്നത്. നേർച്ച നേരുന്നത് നിവർത്തിക്കുന്നതാണ് "വോട്ടിവ് ഗിഫ്ട്സ്." "ദൈവത്തിനു സമർപ്പിക്കപ്പെട്ട ദാനങ്ങൾ" എന്നാണ് എൻഐവിയിൽ. [15]ഏ. ഡി. 64 വരെ പണി പൂർത്തിയായിരുന്നില്ല – ദൈവാലയം നശിക്കുന്നതിന് ആറു വർഷങ്ങൾക്ക് മുൻപ് വരെ. [16]ദൈവാലയത്തെ കുറിച്ച് നമുക്ക് അറിയാവുന്നത് അധികവും ജോസെഫസ് വാർസ് 5.5–ൽ നിന്നാണ്. [17]അവൻ നഗരത്തെക്കുറിച്ച് കരഞ്ഞപ്പോൾ യേശുവും യെരുശലേമിന്റെ നാശത്തെ കുറിച്ച് പറഞ്ഞിരുന്നു (ലൂക്കൊസ് 19:43, 44), എന്നാൽ അവന്റെ വാക്കുകൾ ശിഷ്യന്മാർ കേട്ടോ ഇല്ലയോ എന്ന് നിശ്ചയമില്ല. [18]യേശു യെരുശലേമിനെ ഓർത്തു കരഞ്ഞപ്പോൾ അതേ പ്രസ്താവന നൽകുകയുണ്ടായി (ലൂക്കൊസ് 19:44). (കഴിഞ്ഞ കുറിപ്പ് നോക്കുക). [19]ജെ. ഡബ്ലിയു. മെക്ഗാർവേ, ആന്റ് ഫിലിപ് വൈ.പെൻലെറ്റൻ, *ദ ഫോർഫോൾഡ് ഗോസ്പൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പൽസ്* (സിൻസിനാറ്റി: സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് ഫൗണ്ടേഷൻ, എൻ.ഡി.), 619. [20]റോബർട്ട് ഡങ്കൻ കൾവർ, ദ ലൈഫ് ഓഫ് ക്രൈസ്റ്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: ബേക്കർ ബുക്ക് ഹൗസ്, 1976), 225–26.

[21]ശിഷ്യന്മാർ പൊതുവിൽ ചോദ്യങ്ങൾ ചോദിച്ചതായാണ് മത്തായിയും ലൂക്കൊസും സൂചിപ്പിച്ചിരിക്കുന്നത് (മത്തായി 24:3; ലൂക്കൊസ് 21:7), എന്നാൽ മർക്കൊസ് പ്രത്യേകമായി പത്രൊസ്, യാക്കൊബ്, യോഹന്നാൻ, അന്ത്രെയൊസ് എന്നിവരെ എടുത്തു പറയുന്നു (മർക്കൊസ് 13:3). [22]കെജെവിയിൽ "എൻഡ് ഓഫ് ദ വേൾഡ്" എന്നാണ്, പക്ഷെ "എയ്ജ്" എന്നതാണ് നല്ല തർജിമ എന്ന് മിക്ക തർജിമക്കാരും സമ്മതിക്കും. എൻകെജെവിയിൽ "എയ്ജ്" എന്നാണ്. [23]ക്രിസ്തുവിന്റെ രണ്ടാം വരവിനെ കുറിച്ച് പറയുന്ന ലേഖനങ്ങളിൽ ആ വാക്ക് കാണാം (1 കൊരിന്ത്യർ 15:23; 1 തെസലൊനിക്യർ 2:19; 3:13; 4:15; യാക്കൊബ് 5:7, 8). [24]വിൽ എഡ് വാരെൻ, ക്ലാസ് സിലബസ്, ദലൈഫ് ഓഫ് ക്രൈസ്റ്റ്: ദ സിനോപ്റ്റിക് ഗോസ്പെൽസ്, ഹാർഡിങ്ങ് യൂണിവേഴ്സിറ്റി, 1991, 96. [25]യേശു മുൻപ് തന്റെ രണ്ടാം വരവിനെ കുറിച്ച് മുന്നറിയിച്ചിരുന്നു (മത്തായി 16:27; ലൂക്കൊസ് 12:40; 17:22–37). എങ്ങനെയായാലും. അവൻ മരിക്കയും ഉയർത്തെഴുന്നേല്ക്കയും ചെയ്യണമെന്നതു ശിഷ്യന്മാർക്ക് മനസിലായില്ലെങ്കിൽ, കർത്താവ് തന്റെ രണ്ടാം വരവിനെ കുറിച്ച് പറഞ്ഞതും മനസിലാക്കിയിരിക്കുവാനിടയില്ല. [26]ചിലർ തങ്ങളുടെ പ്രത്യേക ഉപദേശം സ്ഥാപിക്കുവാൻ മത്തായി 24 ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, "കർത്താവിന്റെ രണ്ടാം വരവ്" ഏ. ഡി. 70–ൽ യെരുശലേം നശിപ്പിക്കപ്പെട്ടപ്പോൾ സംഭവിച്ചു എന്നു വിശ്വസിക്കുന്നവരുണ്ട്. ഈ അന്യമായ ഉപദേശം പല വൻകരകളിലും സഭകൾ ഭിന്നിക്കുവാൻ കാരണമായിട്ടുണ്ട്. [27]ഏ. റ്റി. റോബർട്ട്സൺ, എ ഹാർമണി ഓഫ് ദ ഗോസ്പൽസ് ഫോർദ സ്റ്റുഡൻസ് ഓഫ് ദ ലൈഫ് ഓഫ് ക്രൈസ്റ്റ് (ന്യൂയോർക്ക്: ഹാർപ്പർ ആന്റ് റോ, 1950), 173. [28]അടുത്ത പാഠത്തിലെ ഈ വാക്യങ്ങളെ കുറിച്ചുള്ള പരാമർശങ്ങൾ നോക്കുക. [29]അടുത്ത പാഠം പഠിക്കുക. ആ വാക്യങ്ങൾ നമ്മെ ന്യായവിധി അദ്ധ്യായത്തിലേക്കു നയിക്കുന്നു എന്നതു മത്തായി 24 ന്റെ രണ്ടാം ഭാഗം ക്രിസ്തുവിന്റെ രണ്ടാം വരവിനെ കുറിച്ചുള്ളതാണെന്നതിന്റെ മറ്റൊരു തെളിവാണ്. [30]മത്തായി 24 ഉം അതുമായി ബന്ധപ്പെട്ട വേദഭാഗങ്ങളെ കുറിച്ചുള്ള നമ്മുടെ പഠനത്തിനിടയിൽ കൂടുതൽ വ്യത്യാസങ്ങൾ

നാം പിന്നീട് പഠിക്കും.

[31]ഈ സമീപനത്തിലുള്ള അപകടം എന്തെന്നാൽ, നിങ്ങൾക്ക് അത് ചെയ്യുവാൻ കഴിയുമെങ്കിൽ, മറ്റുള്ളവർക്കും ചെയ്യുവാൻ കഴിയും എന്നതാണ്. അത് മത്തായി 24 ന്റെ ആദ്യഭാഗം യെരുശലേം നാശത്തിനു പകരം ക്രിസ്തുവിന്റെ രണ്ടാം വരവിനെയാണ് പറയുന്നതെന്ന് ആയിരാമാണ്ട് വാഴ്ച്ചക്കാരെ പറയുവാൻ അനുവദിക്കയായിരിക്കും ചെയ്യുക. [32]യെരുശലേമിന്റെ നാശം നാല്പതു വർഷങ്ങൾക്കുള്ളിൽ സംഭവിച്ചു – യേശു ആ വാക്കുകൾ സംസാരിച്ചപ്പോൾ ജീവിച്ചിരുന്നവരുടെ കാലയളവിൽ. [33]ആർ. റ്റി. ഫ്രാൻസ്, ദ ഗോസ്പൽ എക്കോർഡിങ്ങ് ടു മാത്യു, ടിൻഡെയിൽ ന്യൂടെസ്റ്റമെന്റ് കമെന്ററിസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1985), 346. [34]ജാക്ക് പി.ലൂയിസ്, ദ ഗോസ്പൽ എക്കോർഡിങ്ങ് ടു മാത്യു, പാർട്ട്, 2, ദ ലിവിങ്ങ് വേഡ് കമെന്ററി സീരീസ്, എഡി. എവെറെറ്റ് ഫെർഗൂസൻ (അബിലീൻ, ടെക്സ്; എസിയു പ്രസ്, 1976), 129–30. [35]സ്റ്റഫോർഡ് നോർത്ത് 1997 സെപ്തംബർ 30ന് ഓക്ലഹോമയിലെ, മിഡ്വെസ്റ്റ് സിറ്റിയിലെ, ഈസ്റ്റ്സൈഡ് ചർച്ച് ഓഫ് ക്രൈസ്റ്റിൽ നടത്തിയ പ്രസംഗത്തെ ആസ്പദമാക്കിയുള്ളതാണ് മത്തായി 24 ന്റെ നമ്മുടെ പഠനം. മറ്റ് ഉറവിടങ്ങൾ കുറിപ്പുകളിലും അടുത്ത പാഠത്തിലെ പ്രസംഗക്കുറിപ്പിലും നൽകുന്നതാണ്. [36]ഇതിന് ഒഴികഴിവിന് സാധ്യതയുള്ളത് മത്തായി 24:27 ആണ്, അവിടെ യേശു പറയുന്നത് തന്റെ രണ്ടാം വരവിനെക്കുറിച്ചാണെന്ന് തോന്നുന്നു. [37]ആ "പ്രയാസമുള്ളവയിൽ" മത്തായി 24:27, 29–31 ഉം ഉൾപ്പെടുന്നു, അതു സൂചിപ്പിക്കുന്നത് യെരുശലേമിന്റെ നാശത്തെയല്ല, മറിച്ച് രണ്ടാം വരവിനെയാണെന്ന് തോന്നുന്നു. [38]തങ്ങളുടെ പിൻഗാമികളാകേണ്ടതിന് പല പ്രമാണിമാരും വിഭാഗങ്ങൾ ഉണ്ടാക്കിയതായി ജോസെഫസ് പറയുന്നുണ്ട് (വാർസ് 2:12.4–5; ആന്റി ക്വിറ്റീസ് 20.5.1–2; 20.8.6). [39]ലൂക്കൊസിന്റെ വിവരണത്തിൽ "ടെറേഴ്സ് ആന്റ് ഗ്രെയിറ്റ് സൈൻസ് ഫ്രം ഹെവെൻ" എന്നു ചേർത്തിട്ടുണ്ട്. പ്രത്യേകമായി – കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്, പ്രളയം തുടങ്ങിയവെന്ന് പറയാത്ത പ്രകൃതിക്ഷോഭങ്ങളെയാണ് വ്യക്തമാക്കുന്നത്. [40]സഭക്ക് നേരിട്ട ഉപദ്രവങ്ങളെ കുറിച്ച് പ്രവൃത്തികളുടെ പുസ്തകവും മറ്റു പുതിയനിയമപുസ്തകങ്ങളും പറയുന്നുണ്ട്.

[41]ചിലർ കൊല്ലപ്പെടുമെന്ന് കർത്താവ് പറഞ്ഞതുകൊണ്ട് (ലൂക്കൊസ് 21:16), "നിങ്ങളുടെ തലയിലെ ഒരു രോമം പോലും നശിച്ചുപോകയില്ല" എന്നു അവൻ വാഗ്ദാനം ചെയ്തിരിക്കകൊണ്ട് (ലൂക്കൊസ് 21:18), അവർ കൊല്ലപ്പെട്ടാലും നശിച്ചുപോകയില്ല. ഉയർത്തെഴുന്നേൽപ്പിൽ ലഭിക്കുന്ന അന്തിമ വിജയത്തെയാണ് കർത്താവ് മുന്നറിയിച്ചത്. [42]പൗലൊസ് നാടുവാഴികളുടേയും രാജാക്കന്മാരുടേയും മുൻപിൽ നിന്നതായി നമുക്ക് അറിയാം (പ്രവൃത്തികൾ 26 നോക്കുക). ഒരുപക്ഷെ മറ്റു അപ്പൊസ്തലന്മാർക്കും അങ്ങനെ സംഭവിച്ചേക്കാം. അവർക്ക് പ്രതിരോധിക്കുവാനുള്ള വാക്കുകൾ ദൈവശ്വാസിയമായി ആത്മാവ് നൽകുമെന്ന വാഗ്ദാനം അപ്പൊസ്തലന്മാർക്കുണ്ടായിരുന്നു, അതു നമുക്കില്ല. നിങ്ങളും ഞാനും മറ്റുള്ളവരെ പഠിപ്പിക്കുന്നതിനു മുൻപ്, നമുക്ക് ദൈവത്തിന്റെ വചനം പഠിക്കേണ്ടതായിട്ടുണ്ട്. [43]ആ മുന്നറിയിപ്പ് നിറവേറിയതായി, 2 പത്രൊസ് 2:1; 1 യോഹന്നാൻ 4:1 നോക്കിയാൽ കാണാം. [44]റോമാ സാമ്രാജ്യത്തിലുള്ള ആളുകളെ സൂചിപ്പിച്ചുകൊണ്ടാണ് ഈ വേദഭാഗത്തിൽ "സകല സൃഷ്ടികളും" എന്നു പറഞ്ഞിരിക്കുന്നതെന്ന് മിക്ക പേരും സമ്മതിക്കും. ലൂക്കൊസ് 2:1 ലെ "എല്ലാ ഭൂവാസികളും" എന്ന് പറഞ്ഞിരിക്കുന്നത് റോമാസാമ്രാജ്യത്തിലുള്ള എല്ലാവരെയുമാണ്. റോമാ സാമ്രാജ്യത്തിന്റെ എല്ലാ ഭാഗത്തുമുള്ള ആളുകൾക്കും സുവിശേഷം കേൾക്കുവാനുള്ള അവസരം സ്പഷ്ടമായും ലഭിച്ചിരുന്നു (റോമർ 1:5, 8; കൊലൊസ്യർ 1:5, 6; 1 തെസലൊനിക്യർ 1:8). [45]ബാറ്റ്സെൽ ബാരെറ്റ് ബാക്സ്റ്റർ, "ആന്റ് ഐ, ഇഫ് ഐ ലിഫ്റ്റഡ് അപ് ...," ഇഫ് ഐ ബി ലിഫ്റ്റഡ് അപ് (നാഷ്‌വിലേ:ഗോസ്പൽ അഡ്വോക്കേറ്റ് കമ്പനി., 1956), 1–8.

## ചാർട്ട് 1: മത്തായി 24 ലെ അന്തരം

| യെരുശലേം നാശം (മത്തായി 24:4–35) | ക്രിസ്തുവിന്റെ രണ്ടാം വരവ് (മത്തായി 24:36–41) |
| --- | --- |
| അതിനു മുൻപ് പ്രക്ഷുബ്ധമായ സമയം (വാ. 5–12). | അതിനു മുൻപ് സാധാരണപോലെ നോഹയുടെ കാലം പോലെ; (വാ. 37–39). |
| ക്രിസ്ത്യാനികൾക്ക് അറിയാവുന്ന പ്രത്യേക അടയാളം (യെരുശലേം സൈന്യത്താൽ വളയും [വാ. 15; ലൂക്കൊ. 21:20]). | മുന്നറിയിക്കുന്ന അടയാളമില്ല; സമയം ആർക്കുമറിയില്ല (വാ. 36) അതു അപ്രതീക്ഷിതമായിരിക്കും (വാ. 39), അറിയിക്കാതെ കള്ളൻ വരുന്നതുപോലെ (വാ. 43). |
| ആ സംഭവത്തിൽനിന്ന് ആളുകൾക്ക് ഓടുവാൻ കഴിയും (വാ. 16). | ആ സംഭവത്തിൽനിന്ന് ഓടിപോകുവാൻ സാധ്യമല്ല (ഒരാളെ എടുക്കും,ഒരാളെ വിട്ടുകളയും: വാ. 40, 41). |

## ചാർട്ട് 2: മത്തായി 24 ന്റെ ഒരു ബാഹ്യരൂപരേഖ

| ശിഷ്യന്മാരുടെ രണ്ടു സെറ്റു ചോദ്യങ്ങൾ<br>വാ. 3 | യെരുശലേം നാശത്തിന്മേൽ യേശുവിന്റെ ഊന്നൽ<br>വാ. 4–35 | | | | | രണ്ടാം വരവിന്മേൽ യേശുവിന്റെ ഊന്നൽ<br>വാ. 36–51 |
|---|---|---|---|---|---|---|
| "അതെല്ലാം എപ്പോൾ സംഭവിക്കും?" | വാ. 4–14 അടയാളം–കൂടാതെ. | വാ. 15–20 അടയാള മുണ്ട് (ലൂക്കൊസ് 21:20). | വാ. 21–28 യെരുശ ലേമിന്റെ നാശം അറിയിച്ചു. | വാ. 29–31 ഉടനെ സംഭവി ക്കേണ്ടതു പറഞ്ഞു. | വാ. 32–35 എപ്പോൾ: വാക്യം 34 "ഈ തല മുറയിൽ". | |
| "നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത്?" | | | | | | വാക്യം 36–51 "അടയാളമില്ല!" |